353/28(-1/18

**"വളരെ അടിയന്തരം"**

**"ഭരണഭാഷ - മാതൃഭാഷ"**

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം.ഇ8/6681/16/സിഇ/തസ്വഭവ

തീയതി : 24.12.2018

## സർക്കുലർ

വിഷയം:- തസ്വഭവ (എൻജിനീയറിംഗ് വിഭാഗം) - പൊതുസർവ്വീസ് രൂപീകരണം- വേതന വ്യവസ്ഥ ഏകീകരിക്കുന്നതിനായി - വിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച്.

സൂചന:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കത്ത് നം.സി/2690/2018/പി.ഡി-എൽ.എസ്.ജി.ഡി തീയതി 18.12.2018.

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തദ്ദേശസ്വയംഭരണവകുപ്പ് പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട്, എല്ലാ ജിവനക്കാരുടേയും വേതന വിതരണം സ്പാർക്കിലേക്ക് മാറ്റുന്നതിനായി 2018 നവംബർ മാസത്തിലെ വിവരങ്ങൾ ഇതോടൊപ്പം നൽകിയിരിക്കുന്ന പ്രെഫോർമയിൽ അടിയന്തരമായി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സൂചന കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

ഡിവിഷൻ ഓഫീസുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തങ്ങളുടെ നിയന്ത്രണാധികാരത്തിന് കീഴിലുള്ള സബ് ഡിവഷൻ/സെക്ഷൻ എന്നിവിടങ്ങളിൽ നിന്നും, ദക്ഷിണ/ഉത്തര മേഖലാ ഓഫീസുകളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ തങ്ങളുടെ കീഴിലുള്ള മുനിസിപ്പാലിറ്റികളിൽ നിന്നും പ്രസ്തുത വിവരങ്ങൾ ക്രോഡീകരിച്ചുതന്നെ **ഇ-മെയിൽ** മുഖാന്തിരം നൽകേണ്ടതാണ്. കെ.എസ്.ആർ.ആർ.ഡി.എ (പി.ഐ.യു ഉൾപ്പെടെ), കോർപ്പറേഷൻ, എന്നീ കാര്യാലയങ്ങളിലെ പ്രസ്തുത വിവരങ്ങൾ ഇ-മെയിൽ മുഖാന്തിരം നേരിട്ടുതന്നെ ലഭ്യമാക്കേണ്ടതാണ്. **ടി വിഷയത്തിന് അടിയന്തര പ്രാധാന്യം നൽകി, പ്രസ്തുത വിവരങ്ങൾ M S Excel Format-ൽ തന്നെ 27.12.2018 -ാം ഉച്ചയ്ക്ക് 3 മണിക്ക് മുമ്പായി ഈ കാര്യാലയത്തിൽ ഇ മെയിൽ മുഖാന്തിരം ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നു.**

ഉള്ളടക്കം: പ്രൊഫോർമ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ചീഫ് എഞ്ചിനീയർക്കുവേണ്ടി)

എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും (കെ.എസ്.ആർ.ആർ.ഡി.എ, കോർപ്പറേഷൻ, ദക്ഷിണ/ഉത്തര മേഖല)
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും (ഡിവിഷൻ)

## പ്രൊഫോർമ-1
## വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലെ വിവരങ്ങൾ

| ക്രമ നം. | ശമ്പളം നൽകുന്ന ശീർഷകം | പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെട്ട ജീവനക്കാരുടെ ആകെ എണ്ണം | നിലവിലുള്ള ജീവനക്കാരുടെ എണ്ണം | ഒഴിവുകൾ | സ്പാർക്ക് മുഖേന ശമ്പള ഇനത്തിൽ നൽകിയ ആകെ തുക | നോൺ സ്പാർക്ക് മുഖേന ശമ്പള ഇനത്തിൽ നൽകിയ ആകെ തുക | ആകെ |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| **ആകെ** | | | | | | | |